കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

[1982 ഫെബ്രുവരി 3, ബുധൻ]

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1982 ഫെബ്രുവരി 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട പ്രോംടേം സ്പീക്കറുടെ (ശ്രീ. എ. എൽ. ജേക്കബ്) അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I സ്പീക്കറുടെ തെരഞ്ഞെടുപ്പ്

താല്ക്കാലിക സ്പീക്കർ : ഓർഡർ, ഓർഡർ, കാര്യവിവരപട്ടികയനുസരിച്ച് സ്പീക്കർ തിരഞ്ഞെടുപ്പ് ഇന്നു രാവിലെ 8·30-ന് നടത്താൻ ആണ് നിശ്ചയിച്ചിട്ടുള്ളത്. ശ്രീ. എ. സി. ജോസിനെ സ്പീക്കർ സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ചെയ്തുകൊണ്ട് മൂന്നു നാമനിർദ്ദേശ പത്രികകൾ ലഭിച്ചിട്ടുണ്ട്. സർവ്വശ്രീ കെ. കരുണാകരൻ, പി. ഭാസ്കരൻ, കെ. എം. മാണി എന്നിവരാണ്, ശ്രീ. ജോസിന്റെ പേര് നിർദ്ദേശിച്ചിരിക്കുന്നത്. സർവ്വശ്രീ സി. എച്ച്. മുഹമ്മദ് കോയ, ഇ. അഹമ്മദ്, പി. ജെ. ജോസഫ് എന്നിവർ പിൻതാങ്ങിയിരിക്കുന്നു. പ്രസ്തുത നാമനിർദ്ദേശപത്രികകൾ നിയമാനുസരണമാണ്. ശ്രീ. എ. സി. ജോസിനെ നിയമസഭാ സ്പീക്കറായി തിരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപിക്കുന്നു. അദ്ദേഹത്തെ ഈ സ്ഥാനലബ്ധിയിൽ അനുമോദിക്കുകയും സകല വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊണ്ട് നിയമസഭാസ്പീക്കറുടെസ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു.

മുഖ്യ മന്ത്രി ശ്രീ. കെ. കരുണാകരൻ. ശ്രീ. ഇ.കെ. നായനാർ എന്നിവർ ചേർന്ന് ശ്രീ. എ. സി. ജോസിനെ സ്പീക്കറുടെ സീറ്റിലേക്ക് ആനയിച്ചു.

(ശ്രീ. എ. സി. ജോസ് സഭാദ്ധ്യക്ഷ സ്ഥാനത്ത് ഉപവിഷ്ഠനായി.)

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ സഭയുടെ അദ്ധ്യക്ഷനായി അങ്ങ് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ അങ്ങയെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്തുകൊള്ളട്ടെ. അങ്ങ് ഈ സഭയുടെ സ്പീക്കർ എന്നുള്ള നിലയിൽ ഈ സഭയുടെ അന്തസിനും ജനാധിപത്യ വ്യവസ്ഥിതിയിൽ ഈ സഭയിലെ ഓരോ അംഗങ്ങൾക്കും ഉണ്ടാകേണ്ടതായ മൗലികമായ അവകാശം കാത്തു സൂക്ഷിക്കും എന്നുള്ള കാര്യത്തിൽ എനിക്ക് വിശ്വാസം ഉണ്ട്. ഞാൻ 1952-ൽ സ്പീക്കർആയിരുന്ന ശ്രീ കെ. പി. നീലകണ്ഠപിള്ള ഉയർന്ന നിലവാരം പുലർത്തിയ കാലഘട്ടം സ്മരിക്കുകയാണ്. അദ്ദേഹം അദ്ദേഹത്തിന്റെ പാർട്ടി എന്തു തന്നെ തീരുമാനം എടുത്താലും ശരി പാർട്ടിയുടെ തീരുമാനത്തിനതീതനായി പാർട്ടിയിലുള്ള ബന്ധത്തിനതീതനായി ജനാധിപത്യമൂല്യങ്ങൾ കാത്തുസൂക്ഷിച്ചിട്ടുണ്ട്. ആ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ അങ്ങ് തീർച്ചയായും വിജയിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്.

സർ, അങ്ങയെ സംബന്ധിച്ചിടത്തോളം അങ്ങ് പരിചയസമ്പന്നനായ ഒരു രാഷ്ട്രീയ പ്രവർത്തകനാണ്. അതിനേക്കാളുപരിയായി കോർപ്പറേഷൻ മേയർ എന്നുള്ള നിലയിൽ അങ്ങേക്ക് കിട്ടിയിട്ടുള്ള പരിചയ സമ്പത്ത് തീർച്ചയായും ഈ സഭാനടപടികളെ നിയന്ത്രിക്കുന്നതിനും ഈ സഭയുടെ അവകാശം കാത്തു സൂക്ഷിക്കുന്നതിനും സാധിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് അശേഷം സംശയമില്ല. അങ്ങേക്ക് ഈ സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും പൂർണ്ണമായ സഹകരണം ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങ് അങ്ങയുടെ സ്പീക്കർ കാലഘട്ടത്തിൽ അങ്ങയുടെ പ്രവർത്തനം കൊണ്ട് ഭരണകക്ഷിക്കാർക്ക് ആകട്ടെ പ്രതിപക്ഷങ്ങൾക്ക് ആകട്ടെ യാതൊരുവിധത്തിലുള്ള പരാതിക്കും ഇട കൊടുക്കാതെ അങ്ങയിലുള്ള വിശ്വാസം നഷ്ടപ്പെട്ടു എന്നു സൂചിപ്പിക്കാൻ പോലും ഇടവരാത്ത നിലയിൽ അങ്ങേക്ക് പ്രവർത്തിക്കാൻ സാധിക്കുമാറാകട്ടെ എന്ന് ആശംസിക്കുകയും അങ്ങയുടെ സ്ഥാനലബ്ധിയിൽ ഒരിക്കൽകൂടി അനുമോദിക്കുകയും ഈ സഭയുടെ പൂർണ്ണമായ പിന്തുണ അങ്ങേക്ക് ഉണ്ടാകട്ടെ എന്ന് ആശംസിക്കുകയും ചെയ്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : സർ, അങ്ങയെ സ്പീക്കറായി തിരഞ്ഞെടുത്തതിൽ അനുമോദിക്കുന്നു. സ്പീക്കറായി തിരഞ്ഞെടുത്തതുമുതൽ ഒരു പ്രത്യേക കക്ഷിക്കുവേണ്ടിയല്ലാതെ കക്ഷിരഹിതനായി സ്പീക്കർ തന്റെ പദവി ബഹുമാനിക്കും എന്നുള്ള പ്രത്യാശ ഞങ്ങൾക്കുണ്ട്. കഴിഞ്ഞ സ്പീക്കർമാരെ സംബന്ധിച്ച്, സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും എതിരായി അവിശ്വാസപ്രമേയം ഈ സഭാതലത്തിൽ ഉയർന്നു വരികയുണ്ടായി. അങ്ങനെയുള്ള യാതൊരു സംശയങ്ങൾക്കും ഇടകൊടുക്കാൻ പാടില്ല എന്നുള്ള നിലയ്ക്ക് അതിനു തക്കതായ മറുപടി പറഞ്ഞുകൊണ്ട് നിഷ്പക്ഷതയാണ് പുലർത്തിയതെന്നുള്ളതുകൊണ്ട് അവർ രണ്ടുപേരും രാജിവയ്ക്കുകയാണ് ചെയ്തത്. ആ പാരമ്പര്യം തുടർന്നുകൊണ്ടുതന്നെ ഒരു പ്രത്യേക കക്ഷിക്കുവേണ്ടി നിൽക്കുകയില്ല എന്ന പ്രതീക്ഷയോടുകൂടി തന്റെ സ്വാധീനവും തന്റെ പദവിയും ഭരണഘടനാപരമായ തത്വങ്ങളും മൗലികമായി ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ പരിപാലിക്കുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. തീർച്ചയായും അപ്പുറത്തിരിക്കുന്ന കക്ഷിക്ക് ഭൂരിപക്ഷമില്ലെന്ന് ഇന്നു വന്ന ഒരു പത്ര വാർത്തയോടുകൂടി തന്നെ വ്യക്തമായിട്ടുണ്ട്. ശ്രീ. കെ. കെ. നായരുടെ നിലപാട് വ്യക്തമാക്കുന്നത് വ്യാഴാഴ്ച ആയിരിക്കുമെന്ന് ഇന്നൊരു പത്രവാർത്ത വന്നതോടുകൂടി ഭൂരിപക്ഷം ഇല്ലാത്ത ഒരുകക്ഷിയുടെ, ന്യൂനപക്ഷകക്ഷിയായി പിൻവാതിലിൽകൂടി അധികാരത്തിൽ കയറിപ്പറ്റിയ ഒരു ഭരണകക്ഷിയുടെ പിൻതുണയാണ്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേക്ക് ലഭിച്ചതെങ്കിലും സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതോടുകൂടി ആ സ്ഥാനം ആ പങ്ക് ഉപേക്ഷിച്ച് നിഷ്പക്ഷത പുലർത്തും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. പ്രതിപക്ഷകക്ഷികൾക്ക് സ്പീക്കർ പദവി ഓഫർ ചെയ്തതുതന്നെ ഒരു കുരുട്ടു വിദ്യയാണെന്നും ഒരു കച്ചവട സമ്പ്രദായം ആണെന്നും ഞങ്ങൾ കണക്കാക്കുകയാണ്. തീർച്ചയായിട്ടും ആ കുരുക്കിൽ കച്ചവടത്തിൽ വീഴാൻ ഞങ്ങളുടെ പ്രതിപക്ഷത്തുനിന്നും ആരും സന്നദ്ധരായിട്ടില്ല. പിൻവാതിലിൽ കൂടി ഭൂരിപക്ഷമില്ലാതെ, പിൻവാതിലിൽ കൂടികയറി ന്യൂനപക്ഷത്തോടുകൂടി ജനാധിപത്യ മൗലികതത്വങ്ങൾ മുഴുവൻ ലംഘിച്ചുകൊണ്ടുള്ള ഒരു ഭരണകക്ഷിയാണ് അപ്പുറത്തുള്ളത് എന്നാണ് ഞങ്ങളുടെ ആക്ഷേപം. തീർച്ചയായും നിഷ്പക്ഷമായി ഈ ആക്ഷേപങ്ങളെ എല്ലാംതന്നെ നിഷ്പക്ഷബുദ്ധിയോടെ സമീപിച്ച് ഭരണഘടനാതത്വങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു പ്രത്യേക കക്ഷിക്കുവേണ്ടി തന്റെ പദവി ഉപയോഗിക്കുകയില്ലെന്ന പ്രത്യാശയോടുകൂടി, സ്പീക്കറായി പദവി അലങ്കരിച്ചതിനുശേഷം രാഷ്ട്രീയമായ ഒരു പക്ഷവാദിത്വവും കൈക്കൊള്ളാതെ തന്റെ പദവി തുടരുമെന്നും ഭരണഘടനയുടെ തത്വങ്ങൾ ഉയർത്തിപിടിക്കുമെന്നുമുള്ള പ്രത്യാശയോടുകൂടി ഞാൻ അങ്ങയെ ഈ അവസരത്തിൽ അനുമോദിക്കുന്നു.

ഉപ മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : മിസ്റ്റർ സ്പീക്കർ സർ, ഈ മഹോന്നത സ്ഥാനലബ്ധിയിൽ ഞാനും എന്റെ പാർട്ടിയും അങ്ങയെ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. യാതൊരു വിധത്തിലുള്ള ആക്ഷേപത്തിനും ഇടകൊടുക്കാതെ ഈ സ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അങ്ങേക്ക് എന്റേയും എന്റെ കക്ഷിയുടേയും എല്ലാ സഹായ സഹകരണങ്ങളും ഞാൻ വാഗ്ദാനം ചെയ്യുന്നു. ഈ കനക സിംഹാസനത്തിൽ ഇരിക്കാൻ അങ്ങ് സർവ്വഥാ സമർഹൻ ആണെന്ന വിശ്വാസം ഞാൻ ഇവിടെ പ്രകടിപ്പിച്ചുകൊള്ളുന്നു. മഹാൻമാരായ ആളുകൾ ഇരുന്ന ഒരു കസേര ആണ് ഇത്. ആ കസേരയുടെ മാന്യത പുലർത്താൻ അങ്ങേക്ക് സാധിക്കുമെന്ന് എനിക്ക് പൂർണ്ണമായ വിശ്വാസമുണ്ട്. യാതൊരുവിധ അപശബ്ദങ്ങൾക്കും ഇടകൊടുക്കാതെ അങ്ങ് ഈ സ്ഥാനത്ത് ഒരു ചരിത്രം സൃഷ്ടിക്കും എന്നുള്ള എന്റെ പ്രതീക്ഷ ഇവിടെ രേഖപ്പെടുത്തികൊണ്ട് ഞാൻ അങ്ങേക്ക് എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും അനുസരണയുള്ള അംഗങ്ങൾ എന്നുള്ള നിലയിൽ ഞങ്ങൾ അങ്ങയുടെ കല്പനകൾ അക്ഷരംപ്രതി പാലിക്കുന്നതാണെന്ന് ഞങ്ങൾ അങ്ങേക്ക് ഉറപ്പു നൽകുകയും ചെയ്തുകൊണ്ട് ഈ സ്ഥാനലബ്ധിയിൽ അങ്ങയെ ഒരിക്കൽകൂടി അനുമോദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. വാസുദേവൻ നായർ : ഈ സഭയുടെ അദ്ധ്യക്ഷനായി അങ്ങ് തിരഞ്ഞെടുക്കപ്പെട്ടതിൽ എന്റെ പാർട്ടിയുടെയും വ്യക്തിപരമായി എന്റെയും അനുമോദനങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുകയാണ് ആദ്യമായി ഞാൻ ചെയ്യുന്നത്.

സർ, അങ്ങ് ഞങ്ങൾക്കെല്ലാം സുപരിചിതനാണ്. കക്ഷിവ്യത്യാസങ്ങൾക്കുപരിയായി അങ്ങ് ഞങ്ങളുടെ എല്ലാവരുടെയും നല്ല ഒരു സുഹൃത്താണ്. അങ്ങനെയുള്ള ഞങ്ങളുടെ സൗഹൃദം തീർച്ചയായും ക്ലേശകരമായ ഈ കാലഘട്ടത്തിൽ സങ്കീർണ്ണതകൾ നിറഞ്ഞ ഈ സഭയുടെ പ്രവർത്തനങ്ങളിൽ അങ്ങേയ്ക്ക് ഒരു മുതൽ കൂട്ടായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഇവിടെ ശ്രീ. ഈ. കെ. നായനാർ ചില കാര്യങ്ങൾ പറഞ്ഞു. ഇതുപോലൊരു സമയത്ത് അത്തരം കാര്യങ്ങളെപ്പറ്റി സാധാരണ ഗതിയിലാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും പരാമർശിക്കാൻ ഇഷ്ടപ്പെടുകയില്ല. അത്തരം പരാമർശനങ്ങളും ഒഴിവാക്കാൻ സാദ്ധ്യമല്ലാത്ത വിധം ഇന്ന് ഈ ജനാധിപത്യത്തിന്റെ നേർക്ക് വമ്പിച്ച വെല്ലുവിളി ഉയർന്നിരിക്കുകയാണെന്ന് അങ്ങേയ്ക്കും അറിയാമായിരിക്കണം. (ബഹളം) സർ, ഈ രാജ്യത്തൊട്ടാകെ ഇന്ന് ജനാധിപത്യത്തിന്റെ കടക്കൽ കത്തി വച്ചുകൊണ്ട് അധികാരത്തിലിരിക്കുന്നവർ കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകളെ സംബന്ധിച്ച് അവിടെ ഇരിക്കുന്ന ആളുകളും പ്രകോപിച്ച് ഞങ്ങളെകൊണ്ട് ഇപ്പോൾ പറയിക്കണ്ട; അതാണ് ഭംഗി? ഈ കേരളത്തിൽതന്നെ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ നടന്ന നാടകങ്ങളൊക്കെ അങ്ങും കണ്ടുകൊണ്ടിരിക്കുകയാണ്. കുറച്ച് മിനിട്ടുകൾ കഴിയുമ്പോൾ ഞങ്ങൾക്ക് അതിനെപ്പറ്റി പറയാൻ അവസരം കിട്ടുന്നതുകൊണ്ട് ഞാൻ ഇപ്പോൾ ഈ സന്ദർഭം അതിന് ഉപയോഗിക്കുന്നില്ല. എന്നാൽ അങ്ങ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സന്ദർഭം അങ്ങേയ്ക്കും ഞങ്ങൾക്കും എല്ലാവർക്കും അറിയാവുന്നതുപോലെ വളരെയധികം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു സന്ദർഭമാണ്. അങ്ങ് അവിടെയിരുന്നുകൊണ്ട് നിർവ്വഹിക്കേണ്ട കടമകൾ സാധാരണഗതിയിൽ അങ്ങയുടെ മുൻഗാമികൾ നിർവ്വഹിച്ചതുപോലെ നിർവ്വഹിക്കാൻ അങ്ങേയ്ക്ക് കഴിയുകയില്ലെന്ന് നമുക്ക് എല്ലാവർക്കും അറിയാം.

സർ, ഞങ്ങൾ ഇവിടെ നടത്തുന്ന മൽസരങ്ങളിൽ അങ്ങ് ഒരു റഫറിയായിട്ട്, തികച്ചും നീതിമാനായ ഒരു റഫറിയായിട്ട്, കക്ഷിപരിഗണനകൾക്ക് ഉപരിയായി പ്രവർത്തിക്കുന്ന ഒരാളായിട്ട് ഇരിക്കണം എന്നാണ് ഞങ്ങളുടെയെല്ലാം ആഗ്രഹം. അങ്ങനെ സന്ദർഭത്തിനൊത്ത് അങ്ങ് ഉയരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സർ, ഞങ്ങൾ തമ്മിൽ കളിക്കുമ്പോൾ ചിലപ്പോൾ ഫൗൾ കാണിച്ചു എന്നു വരാം. കാണിക്കരുതെന്നാണ് ഞങ്ങളുടെ ആഗ്രഹമെങ്കിലും ചിലപ്പോൾ അത് ഉണ്ടായെന്നുവരാം. അങ്ങ് അത് കർശനമായും നിയന്ത്രിക്കുക, അങ്ങനെ ഞങ്ങളെ സഹായിക്കുക. സർ എന്നാൽ ഈ സഭയുടെ ചരിത്രത്തിൽ ഒരു റഫറി ഗോൾ അടിക്കേണ്ട സ്ഥിതി ഉണ്ടാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ആ ജോലി, ആ ചുമതല അവർക്കും ഞങ്ങൾക്കും അങ്ങു വിട്ടുതരണം ഇനി അഥവാ സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾകൊണ്ട് അങ്ങ് അങ്ങനെ ഒരു കടമ ഏറ്റെടുക്കാൻ നിർബന്ധിതനായാൽ എന്റെ ഒരു നിർദ്ദേശം അവിടെ ഒരു ഗോളടിച്ചാൽ ഇവിടെയും ഒരു ഗോളടിക്കണം. അങ്ങനെയും അങ്ങയ്ക്ക് നിഷ്പക്ഷത തീർച്ചയായും പ്രദർശിപ്പിക്കാൻ കഴിയും. എന്നാലും എന്റെ അഭ്യർത്ഥന അങ്ങ് ഗോളടിക്കാൻ പോകണ്ട. ആ കളി ഞങ്ങൾ നടത്താം. ഞാൻ ഇതൊക്കെ പറയുന്നത് സ്ഥിതിഗതികൾ നല്ലതുപോലെ നമുക്കൊക്കെ അറിയാവുന്നത് മനസിൽ വച്ചുകൊണ്ടാണ്. അങ്ങയുടെ സ്ഥാനലബ്ധിയിൽ എനിക്ക് സന്തോഷമുണ്ടെങ്കിലും അതോടൊപ്പം അല്പം സഹതാപവുമുണ്ട്. കാരണമെന്താണെന്നുവച്ചാൽ സ്ഥിതിഗതികൾ അത്ര ബുദ്ധിമുട്ടാണ്. തീർച്ചയായും ആ പരിതസ്ഥിതിയിലും ഞാൻ ഉറപ്പുതരുന്നു, ഉത്തമമായ പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രവർത്തന മാതൃകകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അങ്ങയോടു സഹകരിക്കാൻ തീർച്ചയായും ഞങ്ങൾ തയ്യാറായിരിക്കും സർ, ഞാൻ അങ്ങയെ ഒന്നുകൂടി അനുമോദിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) സർ, ഈ സഭയുടെ നാഥനായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. ഈ സഭയുടെ നാഥനായ അങ്ങേയ്ക്ക് ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും അവകാശങ്ങളും സംരക്ഷിക്കാനും ഈ സഭയുടെ ഉത്തമമായ ജനാധിപത്യ പാരമ്പര്യങ്ങളും കാത്തുസൂക്ഷിക്കാനും കഴിയട്ടേയെന്ന് ഞാൻ ആശംസിക്കുകയാണ്. ഒരു വിദ്യാർത്ഥി പ്രവർത്തകനായി പൊതുരംഗത്തുവന്ന അങ്ങ് നീണ്ട ഒരു പൊതു ജീവിതത്തിന്റെ ഉടമയാണ്. ഈ പൊതുജീവിത

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിനിടയിൽ അങ്ങ് പ്രവർത്തിച്ചിട്ടുള്ള എല്ലാ രംഗങ്ങളിലും അങ്ങയുടേതായ വ്യക്തിത്വം സ്ഥാപിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. പൊതുപ്രവർത്തകനെന്ന നിലയിൽ, നഗരപിതാവ് എന്നനിലയിൽ, അഭിഭാഷകനെന്ന നിലയിൽ, ട്രെയ്ഡ് യൂണിയൻ പ്രവർത്തകനെന്ന നിലയിൽ അങ്ങ് പ്രവർത്തിച്ച എല്ലാ മേഖലകളിലും അങ്ങ് ഒരു വിജയമായിരുന്നു. അങ്ങ് ഇന്ന് ഏറ്റെടുത്തിരിക്കുന്ന ബുദ്ധിമുട്ടേറിയ ഈ ഉത്തരവാദിത്വം നിറവേറുന്ന രംഗത്തും അങ്ങ് വിജയിക്കുമെന്നാണ് എന്റെ വിശ്വാസം.

സർ, ഈ സഭ ഉത്തമമായജനാധിപത്യ പാരമ്പര്യം പുലർത്തിയിട്ടുള്ള ഒരു സഭയാണ്. നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായത് ഞാൻ വിസ്മരിക്കുന്നില്ല. എന്നാലും വലിയ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുള്ള സഭയാണ്. ആ പാരമ്പര്യം കാത്തു സൂക്ഷിക്കാനും നിഷ്പക്ഷതയോടുകൂടി പ്രവർത്തിക്കാനും അങ്ങേയ്ക്കു സാധിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു. എന്റെ പാർട്ടിയുടെ പൂർണ്ണമായ പിൻതുണ അങ്ങേയ്ക്കു വാഗ്ദാനം ചെയ്തുകൊണ്ട് ഒരിക്കൽകൂടി അഭിനന്ദിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, അങ്ങ് ജനാധിപത്യത്തിന്റെ ശ്രീകോവിലായി പരിലസിക്കുന്ന ഈ സഭയുടെ ഏറ്റവും വലിയ അമരക്കാരനായി ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. വിവിധ തുറകളിൽ ഏറ്റെടുത്ത ഭാഗം വസ്തുനിഷ്ഠമായി പ്രവർത്തിച്ച് വിജയത്തിലെത്തിയ അങ്ങേയ്ക്ക് ഇന്നത്തെ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഒരു പക്ഷേ ഈ നിയമസഭയുടെ അദ്ധ്യക്ഷം വഹിക്കാൻ ഇടവന്ന അങ്ങയുടെ മുൻഗാമികളിൽ നിന്നും വ്യത്യസ്തമായ പുതിയൊരു സാഹചര്യത്തെ നേരിടേണ്ടിവരുമെന്നോർക്കുമ്പോൾ അങ്ങയോടൊപ്പം സഹപ്രവർത്തകനായും കൂട്ടുകാരനായും എല്ലാം പത്തിരുപതു വർഷക്കാലം പ്രവർത്തിക്കാൻ ഇടവന്ന ഒരാളെന്ന നിലയിൽ എനിക്ക് സഹതാപം തോന്നുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അങ്ങ് എന്തെല്ലാം ആശയങ്ങൾ വച്ച് പുലർത്തിയിരുന്നാലും താൻ ഇരിക്കുന്ന പദവിയുടെ മാന്യതയ്ക്കും അന്തസിനും ചേരുന്നവിധത്തിൽ തന്റെ അഭിപ്രായങ്ങൾ മാറ്റിവച്ചുകൊണ്ട് അങ്ങ് പ്രവർത്തിച്ചിട്ടുണ്ടെന്ന് അറിയാവുന്ന ഒരാളാണ് ഞാൻ. ആ നിലയിൽ നോക്കുമ്പോൾ ഈ സഭയുടെ ജനാധിപത്യ കീഴ്വഴക്കങ്ങളും മര്യാദയും പൂർണ്ണമായും പാലിക്കാനും മാനിക്കാനും അർഹനാണ് അങ്ങെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ ഞാൻ അനുമോദിക്കുന്നു. ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെടട്ടേ, എല്ലാ അർത്ഥത്തിലും അതു ഏകകണ്ഠമാകട്ടെ എന്നൊക്കെ ആഗ്രഹിച്ചിരുന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇന്നത്തെ കേരളത്തിലുള്ള രാഷ്ട്രീയ പ്രശ്നങ്ങളിൽ അദ്ദേഹത്തിനോതായ താൽപര്യം വച്ചുപുലർത്താനുതകുമാറ് ഒരു പ്രസ്താവന ഇറക്കിയപ്പോൾ അങ്ങയുടെ തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ പശ്ചാത്തലത്തെ സംബന്ധിച്ചിടത്തോളം എന്റെ പാർട്ടിയും പറയേണ്ടിവന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ തിരഞ്ഞെടുപ്പുമായി ബധ്ധപ്പെട്ട ചിലത് പരാമർശിച്ചതുകൊണ്ടാണ് ഇങ്ങനെ സംസാരിക്കേണ്ടി വന്നത്. അങ്ങയുടെ തിരഞ്ഞെടുപ്പ് ആരുടെ ഭാഗത്തുനിന്നും യാതൊരു അപശബ്ദവുമില്ലാതെ നൂറുശതമാനവും ഏകകണ്ഠമായിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ച് പോകുന്നു. നിഷ്പക്ഷനായി ജനാധിപത്യത്തിന്റെ മാമൂലുകളും എല്ലാ അർത്ഥത്തിലും പാലിക്കുന്ന ഒരു യോദ്ധാവായി ഈ സഭയുടെ അദ്ധ്യക്ഷനായി നേതൃത്വം കൊടുക്കാൻ അങ്ങയ്ക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ സ്ഥാനലബ്ധിയിൽ ഞാൻ അങ്ങയെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കേരള നിയമസഭയുടെ സ്പീക്കറായി ഏകകണ്ഠമായി തിരഞ്ഞെടുത്തിരിക്കുന്ന അങ്ങയ്ക്കു എന്റെയും എന്റെ പാർട്ടിയുടെയും അഭിനന്ദനവും ആശംസയും ഞാൻ നേരുകയാണ്. വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയത്തിലേയ്ക്കു കടന്നുവന്ന തൊഴിലാളി പ്രസ്ഥാനത്തിലൂടെ വളർന്ന് നിയമസഭാ പ്രവർത്തനങ്ങളിലൂടെ പരിചയം നേടി രാഷ്ട്രീയത്തിലൂടെ വിവിധ ചവിട്ടുപടികളും കടന്നിട്ടാണ് അങ്ങ് ഈ സ്ഥാനത്തെത്തിയതെന്ന് ഞങ്ങൾക്കറിയാം. അങ്ങയുടെ ഈ അനുഭവപരിചയം തീർച്ചയായും അങ്ങയുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ വളരെയധികം സഹായകരവും പ്രയോജനകരവുമായിരിക്കും എന്നുള്ളതിൽ ആർക്കും സംശയമില്ല.

ജനാധിപത്യത്തിന്റെ ശ്രീകോവിലാണ് നിയമസഭ, അതിന്റെ പ്രതിഷ്ഠയാണ് സ്പീക്കർ. സ്പീക്കറുടെ മുഖമുദ്ര നിഷ്പക്ഷതയാണ്. നിഷ്പക്ഷത നിഷ്ക്രീയമായ നിഷ്പക്ഷതയല്ല. നിഷ്പക്ഷത കർമ്മനിരതമായ നിഷ്പക്ഷതയാണ്. സർ, ഒരു സ്പീക്കറെ സംബന്ധിച്ചിടത്തോളം ഒരു സ്പീക്കർ പന്തുകളിയിലെ വിസിലടിക്കുന്ന സ്പീക്കറാണോ, രണ്ടുകൂട്ടർക്കും ഗോൾ ഇട്ടു കൊടുക്കണമോ, എപ്പോൾ അടിക്കണം, എങ്ങനെ എന്നെല്ലാം ഭരണഘടനയുടെ 189-ാം ആർട്ടിക്കിളിൽ പറഞ്ഞിട്ടുണ്ട്. ആ ചുമതലകളെപ്പറ്റിയൊക്കെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഭരണഘടനാപരമായും നിയമപരമായും ജനാധിപത്യപരമായും അതൊക്കെ നിർവ്വഹിക്കാൻ അങ്ങയ്ക്കു കഴിവുണ്ടെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയാണ്. അതിന് ആരുടെയും ഉപദേശം ആവശ്യം ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ വിഷയത്തിൽ തീർച്ചയായും അങ്ങ് വിജയിക്കുമെന്ന് ഞാൻ കരുതുകയാണ്.

സർ ഈ സമ്മേളനത്തിനുള്ള പ്രത്യേകത എന്നു പറയുന്നത് പ്രത്യേകമായ വ്യത്യാസമൊന്നുമില്ല. നിയമസഭയിലെ അംഗസംഖ്യയിൽ ഭരണപക്ഷത്തിന്റെ തോതിനോടൊപ്പം സംഖ്യാബലമുള്ള ഒരു പ്രതിപക്ഷം ഉള്ളപ്പോൾ പല പ്പോഴും രാഷ്ട്രീയ ചർച്ചകളിൽ ഭരണകക്ഷി പ്രതിപക്ഷ ഏറ്റുമുട്ടൽ ഉണ്ടായേക്കാം. അത്രയും വ്യത്യാസം മാത്രമേയുള്ളു. പക്ഷേ അപ്പോഴൊക്കെ നിയമത്തിനകത്തുനിന്നുകൊണ്ട് നിയമസഭയുടെ അന്തസ് ഉയർത്തിപിടിച്ചുകൊണ്ട്, അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ഭരണപരമായും നിയമപരമായും ജനാധിപത്യപരമായും ആ വിലയേറിയ അവകാശങ്ങൾ ഉപയോഗിക്കാൻ ഈ സ്ഥാനത്തിലിരിക്കുന്ന അങ്ങേയ്ക്ക് കഴിവുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഈശ്വരൻ അങ്ങേയ്ക്ക് അതിനുള്ള എല്ലാ കഴിവുകളും നൽകട്ടേ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, അങ്ങേയ്ക്കു എല്ലാവിധമായ മംഗളങ്ങളും അഭിനന്ദനങ്ങളും നേർന്നുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ബേബിജോൺ : സർ, അങ്ങയെ സ്പീക്കറായി തിരഞ്ഞെടുത്തതിൽ എന്റെ പാർട്ടിക്കുള്ള അനുമോദനം ഞാൻ അറിയിക്കുകയാണ്. അങ്ങ് സ്പീക്കറായി തിരഞ്ഞെടുക്കാനിടയായ സാഹചര്യത്തെപ്പറ്റിയും ഇന്ന് ഈ സംസ്ഥാനത്തും രാജ്യത്തും നിലനിൽക്കുന്ന ചില പ്രത്യേക സ്ഥിതിഗതികളെപ്പറ്റിയുമെല്ലാം ചില പരാമർശങ്ങൾ നടന്നു. അതൊന്നും വിസ്തരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. അങ്ങ് ഏറെടുത്തിട്ടുള്ള ഈ പുതിയ ജോലി നിർവ്വഹിക്കാൻ തീർച്ചയായും കഴിവുള്ള ആളാണ് അങ്ങെന്ന് എല്ലാവർക്കുമറിയാം. എങ്കിലും ഒന്നുരണ്ട് വസ്തുതകൾ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ രാജ്യം പാർലമെന്ററി ജനാധിപത്യത്തിൽ പ്രതിജ്ഞാ

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യമാണ്. അതുകൊണ്ട് പാർലമെന്ററി ജനാധിപത്യത്തിന്റെ ചില തത്വങ്ങളും ചില മൂല്യങ്ങളുമൊക്കെ കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. ചില അപകടകരമായ പ്രവണതകളും ഈ രാജ്യത്തൊട്ടാകെ ഇന്നു നാം കാണുന്നുണ്ട്. ഭരണത്തലവൻമാർ അവരുടെ കടമകളും നീതിപൂർവ്വം നിർവ്വഹിക്കുന്നതിനു പകരം കക്ഷിരാഷ്ട്രീയത്തിന്റെപേരിൽ ഗൂഢാലോചന നടത്തി പാർലമെന്ററി ജനാധിപത്യത്തെയും അതിന്റെ മൂല്യത്തെയും തകർക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ന്യൂനപക്ഷകക്ഷികളെ ഭരണഘടനാവിരുദ്ധമായി, വളഞ്ഞ വഴിയിൽക്കൂടി ഭരണാധികാരത്തിലേറുന്നതിനുവേണ്ടി ഭരണത്തലവൻമാർ ശ്രമിക്കുന്നുണ്ട്. ഒരാൾ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹം കക്ഷിരഹിതനാണെന്നകാര്യം നമുക്കെല്ലാമറിയാം. കക്ഷിരഹിതൻ എന്നുമാത്രമല്ല കക്ഷിരാഷ്ട്രീയത്തിനും അതീതനായിരിക്കും സഭയ്ക്കുള്ളിൽ. പക്ഷെ നിർഭാഗ്യവശാൽ സ്പീക്കറെ കക്ഷിരാഷ്ട്രീയത്തിലുൾപ്പെടുത്താൻ ചില ശ്രമങ്ങളും നടക്കുന്നതായി മനസ്സിലാകുന്നുണ്ട്. അതായത്, അക്കാര്യം ഇവിടെ ചിലർ സൂചിപ്പിച്ചു ബഹുമാന്യനായ പി. കെ. വി., അങ്ങ് ഒരു റഫറിയായിരിക്കണമെന്നു പറഞ്ഞപ്പോഴും റഫറി നിഷ്ക്രിയനല്ല കളിക്കാരോടൊപ്പം കളിക്കണം, പന്തടിക്കണം എന്നൊക്കെയുള്ള സൂചനകളുംവരെ ചിലരിൽനിന്നുണ്ടായി. അങ്ങ് അതു ചെയ്യരുത് എന്നാണെനിക്കു പറയാനുള്ളത്. ജനാധിപത്യത്തെ കുഴിച്ചുമൂടാനും കക്ഷിരാഷ്ട്രീയത്തിന് അങ്ങയെ കരുവാക്കാനുംവേണ്ടിയുള്ള ഗൂഢാലോചനകളും നടക്കുന്നുണ്ടായിരിക്കും. അങ്ങയുടെമേൽ സമ്മർദ്ദം വരും. കഴിഞ്ഞകാലങ്ങളിൽ അങ്ങ് ഏറെടുത്തിട്ടുള്ള ജോലികളും എങ്ങനെ സ്തുത്യർഹമായ നിലയിൽ നിർവ്വഹിച്ചിട്ടുണ്ടോ അതേ അന്തസ്സ് നിലനിറുത്തിക്കൊണ്ടുതന്നെ അങ്ങ് ഇപ്പോൾ ഏറെടുത്തിട്ടുള്ള ഈ ജോലിയും നിർവ്വഹിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. സ്പീക്കർ എന്ന മഹോന്നത പദവി കക്ഷിരാഷ്ട്രീയത്തിനതീതമായി ഉയർത്തിപ്പിടിച്ചുകൊണ്ട് പാർലമെന്ററി ജനാധിപത്യത്തിന്റെ മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്നതിന് അങ്ങ് ശക്തനാകട്ടെ എന്നാശംസിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂവും വിദ്യാഭ്യാസവുംവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

സർ, അങ്ങ് സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയും എന്റെയും എന്റെകക്ഷിയുടെയും പരിപൂർണ്ണസഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. വിവിധമേഖലകളിൽ പ്രവർത്തിച്ചു പരിചയസമ്പന്നനായ അങ്ങ്യ്ക്ക് നിയമസഭയിൽ അവസരോചിതമായി പെരുമാറാനറിയാം. മാത്രവുമല്ല ജനാധിപത്യനടപടിക്രമത്തിൽ വളരെ നിശ്ചയമുള്ള ആളാണല്ലൊന്നതും അങ്ങയുടെ പെരുമാറ്റത്തിൽനിന്നുതന്നെ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. ഈ ഘട്ടത്തിൽ ഈ സഭയുടെ സ്പീക്കറായി സ്ഥാനമേറ്റിരിക്കുന്ന അങ്ങ് അങ്ങയുടെ ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിക്കുമെന്നുള്ള കാര്യത്തിൽ എനിക്കു സംശയമില്ല. സർ, ഈ സഭയ്ക്ക് വളരെ നല്ല പാരമ്പര്യം ഉണ്ട്; കീഴ്വഴക്കങ്ങളുണ്ട്: ഭരണഘടനയുണ്ട്. അതിനെല്ലാം ഉള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുമാത്രമേ അങ്ങ് പ്രവർത്തിക്കാവൂ എന്ന് ഞാൻ പ്രത്യേകം പറയേണ്ടകാര്യമില്ല. ഈയവസരത്തിൽ സംസാരിക്കാൻ എനിക്ക് വളരെ സന്തോഷമുണ്ട്. കാരണം, ചില പത്രങ്ങളും എഴുതിയതുപോലെ ഉന്നതമായ ജനാധിപത്യ കീഴ്വഴക്കങ്ങൾക്കുവേണ്ടിയുള്ള ഒരു മൽസര ഓട്ടം കേരളനിയമസഭയിൽ നടക്കുകയാണ്. കേരളത്തിനും ഇൻഡ്യയ്ക്കും പുളകംകൊള്ളാൻ ഉതകുന്ന ഒരു വാർത്തയാണിത്. ആ നില തുടരട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ കുരുക്ഷേത്രത്തിൽ ശ്രീകൃഷ്ണനായി ഇരുന്ന് അങ്ങ് തേരുതെളിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. അബുബേക്കർ : സർ, ഈ നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാനും എന്റെ പാർട്ടിയും ഹാർദ്ദമായി അനുമോദിക്കുന്നു. ഈ നിയമസഭയിൽ സ്പീക്കർമാരായിരുന്നിട്ടുള്ള ആളുകളുടെ പേരെഴുതിവച്ചിട്ടുള്ള ഒരു ബോർഡ് നമ്മുടെ നിയമസഭാമന്ദിരത്തിന്റെ മുൻപിൽ വച്ചിട്ടുണ്ട്. സർവ്വശ്രീ. കെ. പി. നീലകണ്ഠപിള്ള, സീതിസാഹിബ്, ബാവാഹാജി, അലക്സാണ്ടർ പറമ്പിത്തറ, പൈലി തുടങ്ങി ഒട്ടേറെയാളുകൾ ഈ സ്ഥാനത്തിരുന്നുകൊണ്ട് ഈ സഭാനടപടികൾ നിയന്ത്രിച്ചിട്ടുണ്ട്. ഈ സമീപകാലത്തു സ്ഥാനമൊഴിഞ്ഞ ശ്രീ. എ. പി. കുര്യനും, ശ്രീ. സക്കറിയാസേട്ടും ജനാധിപത്യമൂല്യങ്ങൾ സംരക്ഷിച്ച കാര്യവും നമുക്കറിയാം. നിഷ്പക്ഷതയ്ക്ക് നമ്മളാരും മനസ്സിലാക്കാത്തതരത്തിലുള്ള ചില ഭാഷ്യങ്ങളുമായി ചില ആളുകൾ രംഗത്തുവന്നിട്ടുള്ള ഈ സാഹചര്യത്തിൽ നിഷ്പക്ഷതയെക്കുറിച്ച് അങ്ങയെ ഉപദേശിക്കേണ്ടയാവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ദീർഘകാലത്തെ പൊതുപ്രവർത്തനം നടത്തിയിട്ടുള്ള ശ്രീ. എ. സി. ജോസിന് നിഷ്പക്ഷത എന്താണെന്നറിയാം എന്നെനിക്ക് പരിപൂർണ്ണബോധ്യമുണ്ട്. ദീർഘകാലപരിചയത്തിന്റെയും നിയമസഭയിലെ അനുഭവജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ അങ്ങ് തികച്ചും നിഷ്പക്ഷനായിരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങ് ഇരിക്കുന്നതു കനകസിംഹാസനത്തിലാണെന്നിവിടെ പറഞ്ഞുകേട്ടു. ഇന്നത്തെ സാഹചര്യത്തിൽ ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല. ഇന്നത്തെ അസാധാരണമായ സാഹചര്യത്തിൽ അങ്ങിരിക്കുന്നത് കനകസിംഹാസനത്തിലല്ല മുൾമെത്തയിലാണെന്നാണെന്റെ അഭിപ്രായം. എന്റെ ഒരു അടുത്ത സുഹൃത്തെന്നനിലയിൽ ഞാൻ ഒരുകാര്യം അങ്ങയെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു. നാട്ടിലൊക്കെ പ്രചാരമുള്ള ഒരു ഈരടിയാണ്.... കനകസിംഹാസനത്തിൽ കയറിയിരിക്കുന്നത്..... അടുത്തവരി പറയാൻ ഞാനുദ്ദേശിക്കുന്നില്ല. ആ വരിയിൽ പറഞ്ഞിട്ടുള്ള വിധത്തിൽ ഒരു പരാതി അങ്ങയെക്കുറിച്ചു കേൾക്കാൻ ഒരവസരമുണ്ടാകരുതേ എന്നാണെനിക്കോർമ്മിപ്പിക്കാനുള്ളത്. അങ്ങയെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ആരോഗ്യവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആർ. സുന്ദരേശൻ നായർ) : സർ, അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ ഞാനും എന്റെ പാർട്ടിയും അങ്ങേയറ്റം സന്തോഷിക്കുന്നു; അനുമോദനങ്ങൾ അറിയിച്ചുകൊള്ളുന്നു. അങ്ങ് ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വം വളരെ ഗൗരവമുള്ളതും ഇന്നത്തെ സാഹചര്യങ്ങളിൽ പ്രയാസമേറിയതുമാണെന്നകാര്യം നമുക്കേവർക്കും അറിയാം. ഭരണഘടനാവ്യവസ്ഥകളനുസരിച്ചും ജനാധിപത്യ കീഴ്വഴക്കങ്ങളനുസരിച്ചും ഈ സഭയുടെ പാരമ്പര്യത്തിനനുയോജ്യമായ രീതിയിലും ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടുപോകാനുള്ള കഴിവ് അങ്ങയ്ക്കുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം, അങ്ങയുടെ വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ജനാധിപത്യ സങ്കൽപ്പം അതിന് അങ്ങയെ സഹായിക്കുമെന്നാണ് ഞങ്ങളും വിശ്വസിക്കുന്നത്. ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും അവകാശങ്ങളും സംരക്ഷിക്കുകയും സഭയിലെ എല്ലാ അംഗങ്ങളും ഒരുപോലെ ബഹുമാന്യരാണെന്നുള്ള സങ്കൽപ്പത്തോടുകൂടെ പെരുമാറുകയും ചെയ്യുമെന്നും ഞങ്ങളും വിശ്വസിക്കുന്നു. സഭയിലെ എല്ലാ അംഗങ്ങളെയും ഒന്നുപോലെ ബഹുമാനിക്കുന്നതിലൂടെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ബഹുമാനിക്കുകയാണ് ചെയ്യുന്നത്. അത്തരത്തിൽ നിഷ്പക്ഷമായ രീതിയിലുള്ള ജനാധിപത്യസങ്കൽപ്പം അങ്ങയിലുണ്ട്. അതാണ് അങ്ങയുടെ പെരുമാറ്റത്തിലെ ഏറ്റവും പ്രധാന ഘടകമായ വിനയത്തിന്റെ ഉറവിടം. ആ അടിസ്ഥാനപരമായ സ്വഭാവവിശേഷംകൊണ്ട് അങ്ങയുടെ ഉത്തരവാദിത്വം പൂർണ്ണമായും വിജയപ്രദമായരീതിയിൽ നിർവ്വഹിക്കാൻ കഴിയട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ : മി. സ്പീക്കർ സർ, ഞാനും എന്റെ പാർട്ടിയും അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ അങ്ങയെ അനുമോദിക്കുകയും ഹൃദയംഗമമായി ആശംസിക്കുകയും ചെയ്യുന്നു. സർ, ഈ സന്ദർഭത്തിൽ ഭരണഘടനയുടെ കാര്യങ്ങൾ ഒന്നും ഞാൻ പറയാൻ പോകുന്നില്ല. ഭരണഘടനാപ്രകാരം ഈ സഭയുടെ രൂപം പ്രകാരം അങ്ങ് പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. തീർച്ചയായും അതിനെ സംബന്ധിച്ച് സംശയമൊന്നും ഇവിടെ പ്രകടിപ്പിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഭരണഘടനയുടെ ഖണ്ഡികകളൊക്കെ എടുത്തു ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റി എല്ലാം മറുപടി പറയാൻ ഒരു ഭരണഘടനാവിദഗ്ദ്ധനാണെന്നു എനിക്കു സ്വയം തോന്നുന്നില്ല. അതേസമയത്ത് ഒന്ന് പറയാതെയിരിക്കാനും നിവൃത്തിയില്ല. ഇന്ന് ഇൻഡ്യയിൽ നടക്കുന്ന പൊതുവേയുള്ള കാര്യങ്ങൾ നോക്കുമ്പോൾ, ആസ്സാമിലെ നിയമസഭയിൽ നടന്നിട്ടുള്ള കാര്യങ്ങൾ നോക്കുമ്പോൾ, ഈ നിയമസഭയിൽ നടക്കും എന്നു പത്രങ്ങൾ പറയുന്ന കാര്യങ്ങൾ നോക്കുമ്പോൾ ഒന്നും പറയാതിരിക്കാനും നിവർത്തിയില്ല. ഭരണഘടനാ നിർമ്മാതാവായ, ഭരണഘടനയുടെ എല്ലാമെല്ലാമായ ഡോ : ബി. ആർ. അംബദ്കർ ഇന്നു ജീവിച്ചിരുന്നുവെങ്കിൽ, ഈ ഭരണഘടനാ നിർവ്വചനങ്ങൾ എല്ലാം കേൾക്കുമ്പോൾ അദ്ദേഹം ഹൃദയസ്തംഭനം മൂലം മരിച്ചുപോകുമായിരുന്നു എന്നേ എനിക്കു പറയാൻ സാധിക്കുകയുള്ളൂ. നിഷ്പക്ഷത അങ്ങ് പാലിക്കേണ്ടതായി ഉണ്ട്. യാതൊരു തരത്തിലുള്ള പക്ഷപാതപരമായ പെരുമാറ്റവും ഉണ്ടായി എന്ന് ഈ സഭയിലെ ഒരു ഭാഗത്തും തോന്നാത്തവിധത്തിൽ അങ്ങ് പ്രവർത്തിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഒരു അഭിഭാഷകസുഹൃത്ത് എന്ന നിലയിൽ ഒന്നുകൂടി അങ്ങയെ അനുമോദിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു ; നമസ്ക്കാരം.

ശ്രീമതി എം. കമലം : സ്പീക്കർ സർ, ഈ സഭയിൽ ജേതാവായി അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിമാനത്തോടുകൂടി അനുമോദിക്കുന്നു. എന്റെ പാർട്ടിയായ ജനതാപാർട്ടിയുടെ പേരിൽ (സഭയിൽ ബഹളം)..... .....ആത്മാർത്ഥമായി അനുമോദിക്കുന്നു. അഭിനന്ദിക്കുന്നു. ഈ നിയമസഭയുടെ അന്തസ്സിനും അവകാശങ്ങൾക്കും അനുയോജ്യമായ നിലയിൽ..... ..(സഭയിൽ ബഹളം).... .....ബഹുമാനപ്പെട്ട സ്പീക്കർ സർ, ദയവായി സംസാരിക്കാൻ അനുവദിക്കണം സർ, ഈ സഭയിലെ ഒരംഗത്തിന് സംസാരിക്കാനുള്ള അനുവാദം.....(സഭയിൽ ബഹളം) .....

ശ്രീ. ഇ. അഹമ്മദ് : സർ, സഭയിൽ കക്ഷിനേതാവിന് സംസാരിക്കാം മെംബർക്ക് സംസാരിക്കാം.

(ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ഒരു ക്ലാരിഫിക്കേഷൻ. ഈ സഭയിൽ അങ്ങയെ അനുമോദിക്കാൻ ഏത് അംഗത്തിനും അർഹതയും അവകാശവും ഉണ്ട്. ഇവിടത്തെ നടപടിക്രമം ഇപ്പോൾ കക്ഷിനേതാക്കൻമാർ സംസാരിക്കുന്നതാണ്. ഇവിടെ ശ്രീമതി കമലം

(സഭയിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഞാൻ ഇങ്ങോട്ടു കയറിയ ഉടനെതന്നെ എന്തെങ്കിലും റൂളിംഗ് നൽകുന്നതിനുള്ള സന്ദർഭം ഉണ്ടാകാൻ ഇടവരുത്താതേ എന്നു ബഹുമാനപ്പെട്ട അംഗങ്ങളോടു അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ഇവിടെ സൂചിപ്പിച്ചതുപോലെ ഏത് അംഗത്തിനും പ്രസംഗിക്കുവാൻ അവകാശം ഉണ്ട്. (ബഹളം) ഓർഡർ, ഓർഡർ ആ കാര്യത്തെക്കുറിച്ച് ഒരു വിവാദത്തിലേക്ക് കടക്കാൻ ഇപ്പോഴും എന്നെ നിർബന്ധിക്കരുത് എന്നാണ് അപേക്ഷിക്കാനുള്ളത്. ശ്രീമതി കമലത്തെ സംസാരിക്കാൻ അനുവദിച്ചു. ശ്രീമതി കമലത്തിനു സംസാരിക്കാം.

ശ്രീമതി എം. കമലം : സർ, ഈ സഭയുടെ അദ്ധ്യക്ഷനായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ എന്റെ പാർട്ടിയുടെ പേരിൽ ജനതാപ്പാർട്ടിയുടെ പേരിൽ ആത്മാർത്ഥമായി അനുമോദിക്കുന്നു. വിദ്യാർത്ഥിയായിരുന്ന കാലം മുതൽക്കേ അങ്ങയുടെ രാഷ്ട്രീയ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ മേഖലകളിലെ അങ്ങയുടെ സേവനങ്ങളെക്കുറിച്ചും വിജയകരമായ പ്രവർത്തനങ്ങളെക്കുറിച്ചും വളരെ അഭിമാനകരമായ സ്മരണയാണ് എന്നെ സംബന്ധിച്ചിടത്തോളം ഉള്ളത്.

(സഭയിൽ ബഹളം)

ഈ സഭയുടെ അദ്ധ്യക്ഷവേദിയിൽ ഇരിക്കുന്ന അങ്ങയുടെ നടപടി പൂർണ്ണമായും വിജയപ്രദമായിത്തീരട്ടെ എന്നു ഞാൻ ആത്മാർത്ഥമായി ആശംസിക്കുകയാണ്. ശബ്ദകോലാഹലങ്ങൾകൊണ്ടും കക്ഷിയുടെ ശക്തികൊണ്ടും ഒരംഗത്തിന്റെ അവകാശത്തെ അടിച്ചമർത്തിക്കളയാമെന്ന വ്യാമോഹം ഈ സഭയിൽ ആർക്കെങ്കിലും ഉണ്ടെങ്കിൽ അവരുടെ മുമ്പിൽ തലകുനിക്കാൻ ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ സഭയിൽ പ്രവർത്തിക്കുന്നിടത്തോളം കാലം ഒരു അംഗത്തിനും ഇടവരുത്തരുതേ എന്നാണ് ബഹുമാനപ്പെട്ട അദ്ധ്യക്ഷനോടു വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കാനുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിൽ ഒരു കക്ഷിയുടെ നേതാവായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നുള്ള അവകാശ ബോധത്തോടുകൂടിത്തന്നെയാണ് അങ്ങയെ ഞാൻ അഭിസംബോധന ചെയ്യുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു റഫറി എന്നുള്ള നിലയിൽ നിശ്ചലമായ മര പ്രതിമ അല്ലാതെ നിഷ്ക്രിയനായ ദൃക്സാക്ഷി അല്ലാതെ നിഷ്പക്ഷതയുടേയും നീതിപൂർവ്വകമായ പ്രവൃത്തിയുടേയും ഉടമയായി ചൈതന്യവാനായി അങ്ങയുടെ മനസ്സാക്ഷിയുടെ മാനദണ്ഡം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ സഭയിലെ ഓരോ അംഗത്തിനേയും അവകാശവും മൗലികമായ സ്വാതന്ത്ര്യവും രക്ഷിക്കാൻ അങ്ങ് തയ്യാറാവണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. കഴിഞ്ഞകാലങ്ങളിൽ ഈ സഭയിൽ ഇരുന്നിട്ടുള്ള മഹാൻമാരായ പല അദ്ധ്യക്ഷൻമാരുടേയും പാരമ്പര്യം പുലർത്തികൊണ്ട് വളരെ നിഷ്പക്ഷയായി ഈ സഭയെ അന്തസ്സോടുകൂടി നയിക്കാൻ സർവ്വശക്തനായ ദൈവം അങ്ങേയ്ക്കു ശക്തിതരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എന്റെയും എന്റെ പാർട്ടിയുടേയും എല്ലാ അഭിനന്ദനങ്ങളും എല്ലാവിധ സഹകരണങ്ങളും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു,

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ജനതാപ്പാർട്ടിയുടെ പേരിൽ അഭിനന്ദിച്ചതുതെറ്റാണ് (ബഹളം) ചന്ദ്രശേഖരന്റെ നേതൃത്വത്തിലുള്ള ജനതാപ്പാർട്ടിയുടെ നിയമസഭാ കക്ഷിനേതാവ് ഞാനാണ്. അതു മറ്റാരുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : പാർട്ടി ഏതാണെന്നുള്ള കാര്യം അങ്ങു തീരുമാനിച്ചാൽ മതി.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. ജീവിതത്തിന്റെ ബഹുമുഖമായ എല്ലാ രംഗങ്ങളിലും സ്ഥാനം സമ്പാദിക്കുവാൻ കഴിഞ്ഞ ....

(ഈ സമയം ബഹുമാനപ്പെട്ട മെംബർ ആർ. എസ്. ഉണ്ണി എഴുന്നേറ്റു നിന്ന് എന്തോ പറയുന്നുണ്ടായിരുന്നു)

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. ആരെങ്കിലും പത്തുവാക്ക് എന്നെക്കുറിച്ചുനല്ലത് പറയുന്നത് കേൾക്കാതിരിക്കാൻവേണ്ടിയാണോ ഇതെല്ലാം എന്നു സംശയമുണ്ട്. അദ്ദേഹം ഒന്നു പറയട്ടെ. ബഹുമാനപ്പെട്ട ഉണ്ണി ഇരിക്കണം.

ശ്രീ. കെ. ശിവദാസൻ : സർ, അങ്ങയുടെ സ്ഥാനലബ്ധിയിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. ജീവിതത്തിൽ അങ്ങ് പ്രവേശിച്ച എല്ലാ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്തു കഴിഞ്ഞ അങ്ങയുടെ, ക്ലേശപൂർണ്ണമായതാണെങ്കിലും അത്യുന്നതമായ ഈ സ്ഥാനലബ്ധിയിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. ഒരു കാര്യം മാത്രം ഓർമ്മിപ്പിക്കുന്നു. ജനാധിപത്യത്തിന്റെ ആത്മാവ് നിയമവാഴ്ചയിൽ അധിഷ്ഠിതമാണ്. ആ നിയമവാഴ്ചയെ വ്യാഖ്യാനിക്കുന്നത് ഭരണഘടന വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല. ഭരണഘടനയിലും നിയമങ്ങളിലും അങ്ങയുടെ കടമകളും അവകാശങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു സഹായിക്കുന്നതിനുള്ള കീഴ്വഴക്കങ്ങളും ഉണ്ട്. നീതി നിപുണൻമാരായി ഭാവിക്കുന്ന ആളുകളും അങ്ങയെ നിന്ദിക്കുകയോ സ്തുതിക്കുകയോ ചെയ്തുകൊള്ളട്ടെ. ഭരണഘടനയുടെ ആത്മാവും നിയമവാഴ്ചയും നിയമത്തിൽ അനുശാസിക്കുന്ന തത്വങ്ങളും ജനാധിപത്യ കീഴ്വഴക്കങ്ങളും മാനിച്ച് നമ്മുടെ ഈ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ അങ്ങയ്ക്കു കഴിയട്ടെ എന്നു ഞാൻ ആശംസിക്കുന്നു. യഥാർത്ഥത്തിൽ ഇതൊരു മുൻകിരീടമായി ചിലർ പറഞ്ഞതു പോലെ വരാം. കവലകളിലും കമ്പോളങ്ങളിലും പറയുന്നത് നിയമവാഴ്ചയായി ഇവിടെ അവതരിപ്പിക്കുന്ന. ധർമ്മയുദ്ധവും ഗോം അടിയും ആരംഭിച്ചപ്പോഴും ബുദ്ധിമുട്ടുണ്ടാകും. അങ്ങയ്ക്ക് നീതിപൂർവ്വം പ്രവർത്തനം നടത്താൻ കഴിയട്ടെ എന്ന് ഒരിക്കൽക്കൂടി ആശംസിക്കുന്നു.

തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം) : സർ, അങ്ങയെ സ്പീക്കറായി എതിരില്ലാതെ തിരഞ്ഞെടുത്തതിൽ ഞാൻ അനുമോദിക്കുന്നു. ഭരണഘടനയെ ഉയർത്തിപ്പിടിക്കുകയും അതിന്റെ എല്ലാഭാഗങ്ങളും ശക്തമായി നടപ്പിലാക്കുകയും ചെയ്യുന്നതിലാണ് ജനാധിപത്യത്തിന്റെ വിജയം. കഴിഞ്ഞ കാലഘട്ടത്തിന്റെ അനുഭവങ്ങൾ മനസ്സിലാക്കിക്കൊണ്ട്. അങ്ങ് സ്പീക്കർ സ്ഥാനത്തു വിജയിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഭരണഘടന ഉയർത്തിപ്പിടിച്ച്. അതിന്റെ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട എല്ലാ പ്രവർത്തനങ്ങളും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ടും അങ്ങയെ ഒരു പ്രാവശ്യംകൂടി അനുമോദിച്ചുകൊണ്ടും ഞാനെന്റെ വാക്കുകളവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നായർ : സർ, അങ്ങയുടെ സ്ഥാനലബ്ധിയിൽ ഞാനങ്ങയെ അനുമോദിക്കുകയാണ്. ഇന്നത്തെ പ്രത്യേകസാഹചര്യത്തിൽ അങ്ങയുടെ തിരഞ്ഞെടുപ്പ് ഒരു ഭാവിശ്രേയ: പിശുനശകുനമായി ഞാൻ കാണുകയാണ്. ഈ നിയമസഭയിലെ അങ്ങയുടെ ചുമതല വളരെ ദുഷ്കരമാണെന്നെനിക്കറിയാം. പലപ്പോഴും ഈ നിയമസഭയിലിരിക്കുമ്പോഴും പേരൂർക്കടമെൻറൽ ഹോസ്പിറ്റലിൻെറ മുറ്റത്തു നിൽക്കുകയാണോ എന്ന തോന്നലാണുണ്ടാകാറുള്ളത്. അതിൽനിന്നു വ്യത്യസ്തമായൊരന്തരീക്ഷമിവിടെയുണ്ടാക്കാൻ അങ്ങയ്ക്കു കഴിയട്ടെ എന്നു ഞാനാശംസിക്കുന്നു. ഏതാനും മിനിട്ടു കഴിയുമ്പോഴും ഈ നിയമസഭയിലേക്ക് അങ്ങ് ഒരു പന്ത് എറിഞ്ഞുകൊടുക്കാൻ പോകുകയാണ്. ആ കളിയിൽ രണ്ടുകൂട്ടരും തളർന്നുവീഴുമ്പോഴും, ഗോളടിക്കാതെ നിവൃത്തിയില്ലാതിരിക്കുമ്പോഴും, വരുന്നവാക്കിന് ഒരു ഗോളടിച്ച് ഈ നിയമസഭയിലെ രാഷ്ട്രീയക്കളിയവസാനിപ്പിച്ച് ഈ നിയമസഭയുടെ ശുദ്ധ ഈ രാജ്യത്തെ ജനജീവിതത്തിലേക്കു തിരിച്ചുവിടാൻ അങ്ങയ്ക്കു കഴിയട്ടെ എന്നും ഞാനീയവസരത്തിൽ ആശംസിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ നിയമസഭാസാമാജികരേ, ബഹു: പത്രപ്രതിനിധികളേ ;

ഈ സഭയുടെ പരമോന്നതപദവിയായ സ്പീക്കർസ്ഥാനത്തേക്ക് എന്നെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തതിനു ഞാൻ ഹൃദയാഗമമായ നന്ദി രേഖപ്പെടുത്തുന്നു. തിരഞ്ഞെടുപ്പിനു ശേഷം ബഹുമാനപ്പെട്ട സഭാനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റു ബഹുമാനപ്പെട്ട നേതാക്കളും എന്നെപ്പറ്റിപ്പറഞ്ഞ നല്ല വാക്കുകൾക്കും അനുഗ്രഹവചസ്സുകൾക്കും അഭിനന്ദനങ്ങൾക്കും ഞാൻ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. ഈ ബഹുമാനപ്പെട്ട സഭയുടെ പ്രവർത്തനങ്ങളിലേക്ക് കേരളീയരാകമാനം ഉറ്റുനോക്കുന്നതും ഈ സഭയുടെ പ്രവർത്തനത്തിലെ ഏറ്റവും നിർണ്ണായകവുമായ ഒരു സന്ദർഭത്തിൽ ആണ് ഈ സഭയുടെ അദ്ധ്യക്ഷപദവിയിലേക്ക് നിങ്ങളെന്നെ നിയോഗിച്ചിട്ടുള്ളത്. ആകനപ്പെട്ട ഉത്തരവാദിത്വം എന്നെ ഭയപ്പെടുത്തുന്നുണ്ട്. എങ്കിൽക്കൂടി ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങളുടെ നിർലോഭമായ സഹകരണത്തിലൂടെ, ഭയകൗടില്യലോഭങ്ങൾക്കു വശംവദനാകാതെ, എൻെറ കർത്തവ്യപൂർത്തീകരണത്തിന് ആത്മാർത്ഥമായി ഞാൻ പരിശ്രമിക്കുമെന്നു ബഹുമാനപ്പെട്ട ഈ സഭയ്ക്കു ഞാൻ ഉറപ്പു നൽകുന്നു. വിശിഷ്ടങ്ങളായ പാരമ്പര്യങ്ങളുടെ പരവതാനിവിരിച്ചു കടന്നുപോയിട്ടുള്ള എൻെറ പൂർവികർ കാണിച്ചുതന്ന പാതയിലൂടെമാത്രമേ ഞാനും ചരിക്കൂ എന്ന് സഭയ്ക്കു ഞാനുറപ്പു നൽകുന്നു. ഇപ്പോൾ ഇവിടെ എന്നെപ്പറ്റി പറഞ്ഞ കാര്യങ്ങൾക്ക് ഇവിടെനിന്നിറങ്ങിപ്പോകുമ്പോഴും അർഹനാകുമെങ്കിൽ ഈ പദവിക്കു ഞാനർഹനായി എന്ന് എന്നെ സംബന്ധിച്ചിടത്തോളം സംതൃപ്തിയുണ്ടാവും. ഈ സഭയിൽ സ്പീക്കറെന്നനിലയിൽ നിഷ്പക്ഷതയോടും കർത്തവ്യബോധത്തോടുംകൂടി എൻെറ കൃത്യങ്ങൾ നിർവഹിക്കാൻ ഞാൻ പരിശ്രമിക്കുന്നതാണ്. ആ കർത്തവ്യനിർവഹണത്തിൽ പാർട്ടി പരിഗണനയോ പാർട്ടി ചിന്തയോ എന്നിലുണ്ടാവുകയില്ലെന്ന് ഉറപ്പു നൽകാനും ഞാനാശിക്കുന്നു. നമ്മുടെ നാടിനെ കാതലായി ബാധിക്കുന്ന വിവിധങ്ങളായ പല പ്രശ്നങ്ങളും ആലോചനാവിഷയമാകേണ്ട ഒരു വേദിയാണീ സഭ. ഉദാത്തമായ ചുമതലകൾ നിറവേറ്റാൻ ഈ സഭയിലെ മുഴുവൻ അംഗങ്ങളെയും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണിക്കുന്നു. പ്രശ്നങ്ങളിൽ അതിരൂക്ഷവും ശക്തിമത്തുമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി എന്നു വന്നേക്കാം. എങ്കിലും നാടിന്റെയും നാട്ടാരുടെയും നൻമയാണ് പരമലക്ഷ്യം. ആ ലക്ഷ്യബോധത്തോടും പ്രവർത്തനക്ഷമത നിലനിർത്താനാവശ്യമായ സഹിഷ്ണുതയോടുംകൂടി ബഹുമാനപ്പെട്ട എല്ലാ മെംബർമാരും ഇവിടെ നടക്കുന്ന ചർച്ചകളിൽ പങ്കുകൊള്ളണമെന്ന് എനിക്കു പ്രത്യേകമായ അപേക്ഷയുണ്ട്. കേരളത്തിന്റെയും കേരളീയരുടെയും അന്തസ്സുയർത്തുമാറ് ഉന്നതമായ ജനാധിപത്യമാനദണ്ഡങ്ങൾക്കനുസൃതമായി ഈ സഭയുടെ നടപടികൾ കൊണ്ടുപോകാൻ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും എന്നെ സഹായിക്കണമെന്ന് ഓരോ അംഗത്തോടും വ്യക്തിപരമായി ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ശ്രമകരവും ഭാരിച്ചതുമായ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിറവേറ്റാൻ കഴിയും, നിങ്ങളുടെ എല്ലാവരുടെയും സഹായസഹകരണങ്ങളുണ്ടെങ്കിൽ, എന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ വളരെ പരിചയസമ്പന്നമായ നിയമസഭാ സ്റ്റാഫ് ഉണ്ട്. നിയമസഭാ സെക്രട്ടറിയെ സംബന്ധിച്ച് പറഞ്ഞാൽ അദ്ദേഹവും ഞാനുമായിട്ടുള്ള ബന്ധം ഗുരുവിന്റേതും ശിഷ്യന്റേതുമാണ്. ആ ബന്ധത്തിന്റെയും പരിചയ സമ്പന്നരായ സ്റ്റാഫിന്റെയും സഹായത്തോടുകൂടി എന്റെ കർത്തവ്യങ്ങൾ കൂടുതൽ പൂർണ്ണമായി നിറവേറ്റാൻകഴിയുമെന്ന പ്രതീക്ഷയോടുകൂടി, ഒരിക്കൽക്കൂടി നിങ്ങൾക്കോരോരുത്തർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു. നിങ്ങൾക്ക് ഒരിക്കൽക്കൂടി നന്ദി.

ആർഡർ, ആർഡർ, തിരഞ്ഞെടുപ്പുകഴിഞ്ഞനിലയ്ക്കു അൽപസമയം പുറത്തുകഴിഞ്ഞശേഷം വീണ്ടും കൂടണം എന്ന ഒരു നിർദ്ദേശമുണ്ട്. പത്തുമിനിട്ടു കഴിഞ്ഞിട്ടു നമുക്കു വീണ്ടും ചേരാവുന്നതാണ്. ഇപ്പോൾ പിരിഞ്ഞിട്ട് 9.30 നു സഭ വീണ്ടും സമ്മേളിക്കുന്നതാണ്.

(സഭ 9.30-ന് വീണ്ടും കൂടുന്നതിലേയ്ക്കായി 9.15-ന് പിരിഞ്ഞു.)

(സഭ 9.30 നു ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു)

* * * * * *

II. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ്ബ്, ശ്രീ. സി.എസ്. നീലകണ്ഠൻ നായർ, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ 6-ാം കേരള നിയമസഭയുടെ 7-ാം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തെ സംബന്ധിച്ചു ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ പോയിന്റ് ആഫ് ഓർഡർ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, വളരെ ഗൗരവമുള്ള ഒരു പോയിന്റ് ഓഫ് ഓർഡറാണ് ഞാൻ ഉന്നയിക്കുന്നത്. എന്റെ പോയിന്റ് ഓഫ് ഓർഡർ ഈ സഭയുടെ ഇനിയുള്ള നടപടികൾ ഓർഡറിൽ അല്ലെന്നുള്ളതാണ്. അത് റെയിസ് ചെയ്യാൻ കാരണം അങ്ങേയ്ക്കും അറിയാവുന്നതുപോലെ ആർട്ടിക്കിൾ 176 അനുസരിച്ച് ഒരു വർഷം ആരംഭിക്കുമ്പോൾ ഗവർണ്ണറുടെ പ്രസംഗത്തോടുകൂടി മാത്രമേ നിയമസഭയ്ക്കു തുടരാൻ സാധിക്കുകയുള്ളു എന്നുള്ളതാണ്. ഗവർണ്ണറുടെ പ്രസംഗത്തെ സംബന്ധിച്ച് വളരെ വ്യക്തമായി 176-ാം ആർട്ടിക്കിളിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly